"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശ നം.12 - 1960 ലെ കേരള ഗവൺമെന്റ് സെർവന്റ്സ് കോൺടക്ട് റൂൾസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര(റൂൾസ് ബി) വകുപ്പ്**

സ.ഉ.(സാധാ) നം.90/2026/P&ARD തീയതി,തിരുവനന്തപുരം, 08-03-2026

---

പരാമർശം:- 1) 09.12.2024 ലെ സ.ഉ(കൈ)നം.24/2024/പി&എആർഡി

**<u>ഉത്തരവ്</u>**

നാലാം ഭരണപരിഷ്കാര കമ്മീഷന്റെ നാലാമത് റിപ്പോർട്ടിലെ ശിപാർശ നം.12 പ്രകാരം 1960 ലെ കേരള ഗവൺമെന്റ് സെർവൻസ് കോൺടക്ട് റൂൾസ് കാലോചിതമായി പരിഷ്കരിക്കണമെന്നും, പ്രസ്തുത ചട്ടങ്ങളിൽ സൈബർ നിയമങ്ങൾ ഉൾപ്പെടെയുള്ള മറ്റ് കാലിക പ്രധാന്യമുള്ള വിഷയങ്ങൾ കൂടി ഉൾപ്പെടുത്തണമെന്നും നിലവിൽ പ്രസക്തമല്ലാത്തതും കാലഹരണപ്പെട്ടതുമായ വകുപ്പുകൾ ഒഴിവാക്കണമെന്നും ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശ പരിശോധിച്ച് വിശദമായി ചർച്ചയും കൂടിയാലോചനയും നടത്തി തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960 ലെ കേരള ഗവൺമെന്റ് സെർവന്റ്സ് കോൺടക്ട് റൂൾസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| അഡീഷണൽ ചീഫ് സെക്രട്ടറി,<br>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | ചെയർമാൻ |
| അഡീഷണൽ സെക്രട്ടറി,<br>ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് | ഔദ്യോഗിക അംഗം |
| ശ്രീ.പ്രതാപചന്ദ്രൻ.ബി,<br>അഡീഷണൽ നിയമ സെക്രട്ടറി,<br>നിയമ വകുപ്പ് | ഔദ്യോഗിക അംഗം |
| ശ്രീമതി.ലക്ഷ്മി രഘുനാഥൻ, അഡീഷണൽ<br>സെക്രട്ടറി,<br>ധനകാര്യ വകുപ്പ് | ഔദ്യോഗിക അംഗം |
| ശ്രീ.തരുൺലാൽ.എസ്, അഡീഷണൽ | ഔദ്യോഗിക അംഗം |

| | |
|---|---|
| സെക്രട്ടറി, പൊതുഭരണ വകുപ്പ് | |
| ശ്രീമതി.ഷൂജ.ആർ,<br>അസോസിയേറ്റ് ഫെല്ലോ,<br>ഐ.എം.ജി & അഡീഷണൽ സെക്രട്ടറി<br>(പൊതുഭരണ വകുപ്പ്) | വിദഗ്ധ അംഗം |
| ശ്രീ.മോഹനനാഥ ബാബു,<br>റിട്ട. അഡീഷണൽ സെക്രട്ടറി | വിദഗ്ധ അംഗം |

3) പ്രസ്തുത കമ്മിറ്റി ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർ പ്പിക്കേണ്ടതാണ്. കമ്മിറ്റിയിലെ വിദഗ്ധ അംഗമായ ശ്രീ.മോഹനനാഥ ബാബുവിന് ഒരു സിറ്റിംഗിന് 5000/- രൂപ നിരക്കിൽ ഒരു മാസം പരമാവധി നാല് സിറ്റിംഗിൽ കൂടുവാൻ പാടില്ല എന്ന വ്യവസ്ഥയിൽ സിറ്റിംഗ് ഫീസ് ഇനത്തിൽ നൽകേണ്ട തുക "2052-00-090-99-00-28 Payments for Professional and Special Services-00-N-V ' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
ശ്രീ.പ്രതാപചന്ദ്രൻ.ബി, അഡീഷണൽ നിയമ സെക്രട്ടറി, നിയമ വകുപ്പ്.
ശ്രീമതി.ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
ശ്രീ.തരുൺലാൽ.എസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
ശ്രീമതി.ഷൂജ.ആർ, അസോസിയേറ്റ് ഫെല്ലോ, ഐ.എം.ജി & അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
ശ്രീ.മോഹനനാഥ ബാബു, റിട്ട. അഡീഷണൽ സെക്രട്ടറി.
ധനകാര്യ വകുപ്പ് ( 17/11/2025 ലെ 3107520/EXP-B3/131/2025-FIN നമ്പർ അഭിപ്രായം പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, പി & എ ആർ ഡി (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivakumar. G

Date: 11-03-2026 11:46:54

സെക്ഷൻ ഓഫീസർ